**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം- ഇടുക്കി ദാരിദ്ര്യ ലഘൂകരണ യൂണിറ്റിലെ മുൻ പ്രോജക്റ്റ് ഡയറക്ടർ, ശ്രീ.പി.കെ.മോഹനന് എതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ. (ആർ.റ്റി) നം.1170/2017/തസ്വഭവ, തിരുവനന്തപുരം,തീയതി:**17/04/2017**

---

പരാമർശം : 1. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 07/12/2012-ലെ 4364/എ/2012/എസ്.എം നമ്പർ കത്ത്.

2. ഗ്രാമവികസന കമ്മീഷണറുടെ 04/04/2016, 20/07/2016, 22/02/2017 എന്നീ തീയതികളിലെ 13823/എസ്റ്റാഎ 2/13/ സിആർഡി നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലാ ശുചിത്വ മിഷൻ പ്രചരണ ബോർഡുകൾ സ്ഥാപിക്കുവാൻ സ്വീകരിച്ച നടപടികളിലെ വീഴ്ച്ച സംബന്ധിച്ച് അന്വേഷണം നടത്തി ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചു. ശ്രീ.വി.കെ.ചന്ദ്രശേഖരൻ ജില്ലാ കോ-ഓർഡിനേറ്ററുടെ ചുമതല വഹിച്ചിരുന്നപ്പോഴാണ് ഗുരുതരമായ നടപടിക്രമ വീഴ്ച്ചകളും സാമ്പത്തിക ക്രമക്കേടുകളും നടന്നതെന്നും നിയമാനുസൃത ഭരണാനുമതിയും സാങ്കേതികാനുമതിയും നേടാതെ 50 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പ്രോജക്റ്റിന് ലാഘവബുദ്ധിയോടെ ടെണ്ടർ നടപടികൾ സ്വീകരിച്ചതുവഴി ഗുരുതരമായ ടെണ്ടർ നടപടി ക്രമവീഴ്ചകളും ഔദ്യോഗിക അനാസ്ഥയും സാമ്പത്തിക ക്രമക്കേടുകളും പൊതുധന ദുർവിനിയോഗവും സംഭവിച്ചതായും ആയതിനാൽ ടി പ്രവൃത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ ശ്രീ.വി.കെ.ചന്ദ്രശേഖരനെ [അസിസ്റ്റന്റ് പ്രോജക്റ്റ് ഓഫീസർ (പി & എം) (ദാരിദ്ര്യ ലഘൂകരണ യൂണിറ്റ്)], സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഡിപ്പാർട്ടുമെന്റ് തല

അന്വേഷണം നടത്തണമെന്നും, ജില്ലാ ശുചിത്വ മിഷൻ യോഗത്തിൽ പകരം അധ്യക്ഷത വഹിച്ച് 50 ലക്ഷം രൂപയുടെ പ്രവൃത്തി ചെയ്യുവാൻ തീരുമാനമെടുക്കുകയും ആയത് സമിതി ചെയർമാനായ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, സമിതിയുടെ എക്സിക്യൂട്ടീവ് ഡയറക്ടറായ ജില്ലാ കളക്ടർ എന്നിവരെ അറിയിക്കാതെ മേൽ നടപടികൾ സ്വീകരിക്കുകയും തുടർന്ന് ടെന്റർ തുറക്കുന്ന നടപടികളിൽ നേരിട്ട് പങ്കാളിയുമായ മുൻ ഇടുക്കി ദാരിദ്ര്യലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടറുമായിരുന്ന ശ്രീ.പി.കെ.മോഹനന്റെ പങ്കും ടിയാന്റെ സൂപ്പർവൈസറി വീഴ്ചകളും ഡിപ്പാർട്ടുമെന്റ്തല അന്വേഷണത്തിന്റെ ഭാഗമായി നടത്തണമെന്നും ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശുപാർശ ചെയ്തു.

ശുചിത്വ സന്ദേശ ബോർഡുകൾ സ്ഥാപിക്കുവാൻ സ്വീകരിച്ച നടപടികളിൽ ക്രമക്കേട് വരുത്തിയ ശ്രീ.വി.കെ.ചന്ദ്രശേഖരൻ, അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി & എം), ശ്രീ.പി.കെ.മോഹനൻ, മുൻ പ്രോജക്ട് ഡയറക്ടർ എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഗ്രാമവികസന കമ്മീഷണറേറ്റിലെ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ ശ്രീ.കെ.ഷൗക്കത്തലി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ടി റിപ്പോർട്ടിൽ സാമ്പത്തിക ക്രമക്കേടുകളും, ടെണ്ടർ നടപടിക്രമ വീഴ്ചകളും പൊതുധന വിനിയോഗ ക്രമക്കേടുകളും ഉൾപ്പെട്ട കേസ് ആയതിനാൽ ധനവകുപ്പിന്റെ അന്വേഷണം വേണമെന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ ഗ്രാമവികസന കമ്മീഷണറേറ്റിലെ സീനിയർ ഫിനാൻസ് ഓഫീസർ ശ്രീ.സാംസൺ ജോണിന്റെ കീഴിലുള്ള ഇന്റേണൽ ഓഡിറ്റ് വിഭാഗം പരിശോധന നടത്തിയ റിപ്പോർട്ട് ഗ്രാമവികസന കമ്മീഷണർ പരാമർശം (2) പ്രകാരം സർക്കാരിൽ സമർപ്പിച്ചു.

ശ്രീ.വി.കെ.ചന്ദ്രശേഖരന്റെ നടപടികൾ ഗുരുതരമായ സാമ്പത്തിക ക്രമക്കേടും ധനദുർവിനിയോഗവും നിലവിലുള്ള ടെണ്ടർ നടപടിക്രമങ്ങളുടെ ലംഘനവുമാണെന്ന് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ശ്രീ.വി.കെ.ചന്ദ്രശേഖരനെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്നും ശുചിത്വ സന്ദേശ ബോർഡുകൾ സ്ഥാപിച്ച പ്രവൃത്തിയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണത്തിൽ മുൻ പ്രോജക്ട് ഡയറക്ടറായിരുന്ന

ശ്രീ.പി.കെ.മോഹനന്റെ പങ്ക് വ്യക്തമാകാത്ത സാഹചര്യത്തിൽ ടിയാനെ തുടർനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അന്വേഷണ ഉദ്യോഗസ്ഥൻ ശുപാർശ ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശുചിത്വ സന്ദേശ ബോർഡുകൾ സ്ഥാപിച്ച പ്രവൃത്തിയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ഇടുക്കി ദാരിദ്ര്യലഘൂകരണ യൂണിറ്റിലെ മുൻ പ്രോജക്ട് ഡയറക്ടർ, ശ്രീ.പി.കെ.മോഹനൻ കുറ്റക്കാരനാണെന്ന് തെളിയാത്ത സാഹചര്യത്തിൽ ടിയാനെ അച്ചടക്ക നടപടികളിൽ നിന്നും ഒഴിവാക്കി, കുറ്റവിമുക്തനാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എ.ഷാജഹാൻ ഐഎഎസ്**
**സെക്രട്ടറി**

1) ശ്രീ.പി.കെ.മോഹനൻ, മുൻ പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ്, ഇടുക്കി (ഗ്രാമവികസന കമ്മീഷണർ മുഖേന)
2) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3) ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4) അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് / എ&ഇ) കേരള, തിരുവനന്തപുരം.
5) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6) വിവര പൊതുജന സമ്പർക്ക വകുപ്പ് ( Web & New Media)
7) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ